ഗുരുമാർഗം

മനുഷ്യന്റെ ഗുണകർമ്മങ്ങൾ ഒരേ ജന്മത്തിൽ തന്നെ മാറിവരാവുന്നതേയുള്ളൂ. ജന്മത്തെ ആസ്പദമാക്കിയുള്ള എല്ലാ വേർതിരിവുകളും കൃത്രിമങ്ങളും സ്വാർത്ഥപ്രേരിതങ്ങളുമാണ്.

www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

പൂരുരുട്ടാതി 25 - 11
ദശമി 17 - 51
1940 കാർത്തികം 27
1439 റബീ ഉൽ അവ്വൽ 09
1194 വൃശ്ചികം 02

പുതിയ മൂന്നാം കണ്ണ്

മാനവദർശനം

മുനി നാരായണ പ്രസാദ്

തീവണ്ടിയിൽ യാത്ര ചെയ്യുന്നു. എതിർ സീറ്റിൽ ഒരു ചെറുപ്പക്കാരനിരിക്കുന്നു. കൈവശമുള്ള മൊബൈൽ ഫോണിൽത്തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടാണ് ഇരിപ്പ്. വർക്കല നിന്ന് തൃശ്ശൂർ എത്തുന്നതുവരെയുള്ള ആറു മണിക്കൂറും അയാൾ അങ്ങനെ തന്നെയിരിക്കുന്നതു കണ്ട് ഞാൻ അത്ഭുതപ്പെട്ടു. ഇതുപോലെ എത്രയോ ചെറുപ്പക്കാർ ഇതു ചെയ്യുകൊണ്ടിരിക്കുന്നു.

ശിവന് മൂന്നു കണ്ണുകൾ ഉള്ളതായി പുരാണകഥകളിൽ കാണുന്നു. ഒരു കണ്ണ് പുറത്തേക്ക് നോക്കുന്നത്. രണ്ടാമത്തേത് അകത്തേക്ക് നോക്കുന്നത്. മൂന്നാമത് തീക്കണ്ണാണ്. ആ കണ്ണ് തുറന്നാൽ ജ്വലിക്കുന്നത് ജ്ഞാനാഗ്നിയാണ്. ആ അഗ്നി നമ്മിലെ കാമങ്ങളെ ചുട്ടു ചാമ്പലാക്കും; നമ്മെ സംശുദ്ധരും സ്വതന്ത്രരുമാക്കും.

ഇപ്പറഞ്ഞ ചെറുപ്പക്കാരുടെ കാര്യമോ? ലോകത്തെ കാണാനുള്ള കണ്ണ് അവർ തുറക്കുന്നില്ല. ഉള്ളിലേക്കു നോക്കാനുള്ള കണ്ണും തുറക്കുന്നില്ല. അവർക്കുമുണ്ടൊരു മൂന്നാം കണ്ണ്. സ്മാർട്ട് ഫോൺ! അതു തുറക്കുന്നത് ഇന്റർനെറ്റിന്റെ ലോകം നീട്ടിത്തരുന്ന പ്രലോഭനങ്ങളിലേക്കാണ്. ലോകത്തെപ്പറ്റിയും തന്നെപ്പറ്റിയും വിചാരമില്ലാതെ അവർ പ്രലോഭനങ്ങൾ ഉളവാക്കുന്ന ഈ മൂന്നാം കണ്ണ് തുറന്നുവിടുന്ന നൈമിഷികമായ വികാരങ്ങളാൽ പ്രേരിതരായി അവിവേകം പ്രവർത്തിക്കും. ക്രൂരകൃത്യങ്ങളും അധാർമ്മികമായ കാര്യങ്ങളും ചെയ്യും. മാനുഷികത അവരെ വിട്ടൊഴിയുകയോ, മാനുഷികത അവരോട് അടുക്കാതിരിക്കുകയോ ചെയ്യും. ഏതുതരം നാശത്തിലേക്കാണ് അവരെ ഈ ആധുനിക പ്രതിഭാസം തള്ളിക്കൊണ്ടു പോകുന്നത് എന്ന് അവർ അറിയുന്നില്ല. അവരെ വളർത്തിവിട്ടിരിക്കുന്ന മുതിർന്ന തലമുറയും അറിയുന്നില്ല. ഭഗവദ്ഗീതയിലെ ഒരു ഭാഗം ഓർമ്മ വന്നു:

സംഗാത് സംജായതേ കാമഃ കാമാത് ക്രോധോഭി ജായതേ
ക്രോധാദ് ഭവതി സമ്മോഹഃ സമ്മോഹാദ് സ്മൃതിവിഭ്രമഃ
സ്മൃതിഭ്രംശാദ് ബുദ്ധിനാശോ ബുദ്ധിനാശാത് പ്രണശ്യതി.

ഇതിന്റെ അർത്ഥം ഇങ്ങനെയാണ്: മനസ് ഏതിലെങ്കിലും താത്പര്യപൂർവം പറ്റിപ്പിടിച്ചാൽ ഉള്ളിൽ കാമം ജനിക്കും. കാമത്തെ പിൻപറ്റി (ആഗ്രഹം സഫലമാകാതെ വരുമ്പോൾ) ഉള്ളിൽ ക്രോധമുണ്ടാകും. ക്രോധം ഉള്ളിൽ നിറയുമ്പോൾ വീണ്ടുവിചാരമില്ലാത്ത അവസ്ഥ (സമ്മോഹം) ഉണ്ടാകും. സമ്മോഹമുണ്ടായാൽ നമ്മൾ എല്ലാം മറക്കും. എല്ലാം മറക്കുമ്പോൾ ബുദ്ധി പ്രവർത്തിക്കാതെയാവും. ബുദ്ധിനാശം (അവിവേകം) അങ്ങേയറ്റത്തെ നാശത്തിനു ഇടയാക്കുന്നു.

ഈ ദുരന്തത്തിനുള്ള സാദ്ധ്യതയെ സ്വയം മുൻകൂട്ടി കാണാനുള്ള കഴിവ് ഈ യുവതലമുറയ്ക്കില്ല. അതുണ്ടാക്കിക്കൊടുക്കാൻ അവരെ വളർത്തിയെടുക്കുന്ന തലമുറക്കാർ ശ്രദ്ധിക്കുന്നുമില്ല.

ഈ പുതിയ മൂന്നാം കണ്ണ് വളരെ വിവേകപൂർവം തുറന്നാൽ അത് നമ്മെ വിജ്ഞരാക്കും. വിവേകമില്ലാതെ തുറന്നാൽ നമ്മെ ഇല്ലാതാക്കും. മറ്റ് രണ്ടു കണ്ണുകളും തുറന്നതിനു ശേഷമേ ഈ മൂന്നാം കണ്ണുകൊണ്ടു കാണുന്ന കാഴ്ചയ്ക്ക് അർത്ഥമുണ്ടാവൂ എന്നതും ഓർക്കണം.

പൊലീസും കാണിക്കണം സംയമനം

അപ്രതീക്ഷിതമായൊരു ഹർത്താലിന്റെ പിടിയിലായിരുന്നു ഇന്നലെ കേരളം. പൊലീസിന്റെ ബുദ്ധിശൂന്യമായ ഒരു പ്രവൃത്തിയാണ് അതിന് നിമിത്തമായത്. ശബരിമല സന്നിധാനത്തേക്കുള്ള യാത്രയ്ക്കിടെ ഹിന്ദുഐക്യവേദി അദ്ധ്യക്ഷ കെ.പി. ശശികലയെ മുൻകരുതലിന്റെ ഭാഗമായി അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ചാണ് ബി.ജെ.പി നട്ടാപ്പാതിരയ്ക്ക് ഹർത്താലാഹ്വാനം പുറപ്പെടുവിച്ചത്. ശശികലയെ തടങ്കലിലാക്കിയതുപോലുള്ള അസംബന്ധ നടപടികളുടെ ഘോഷയാത്രയാണ് സുരക്ഷാ ക്രമീകരണങ്ങളുടെ പേരിൽ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് എടുത്തുകൊണ്ടിരിക്കുന്നത്. മണ്ഡല പൂജക്കാലത്ത് ഇന്നേവരെ കേട്ടിട്ടില്ലാത്തതും കാണാത്തതുമായ പലതും അവിടെ സുരക്ഷയുടെ പേരിൽ കാട്ടിക്കൂട്ടുന്നു. വിശ്വാസത്തോടെ അവിടെ ദർശനത്തിനെത്തുന്ന ലക്ഷക്കണക്കിന് ഭക്തന്മാർക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലാകട്ടെ തികഞ്ഞ അലംഭാവവും കാണിക്കുന്നു. പതിനായിരത്തിലേറെ പൊലീസുകാരെ മേഖല തിരിച്ച് യൂണിഫോമും തൊപ്പിയും ബൂട്ടുമിടുവിച്ച് അണിനിരത്തിയാൽ ഭക്തർക്ക് വേണ്ടതെല്ലാമായി എന്ന് ചുമതലപ്പെട്ടവർ ധരിച്ചുവശായതുപോലെ തോന്നുന്നു. തീർത്ഥാടനത്തിന്റെ പൂർണ നിയന്ത്രണാധികാരികളായ ദേവസ്വം ബോർഡിനെ തള്ളിമാറ്റിയാണ് ശബരിമലയിൽ പൊലീസ് സകല നിയന്ത്രണവും ഏൽക്കാനൊരുങ്ങുന്നത്.

യുവതീ പ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി സൃഷ്ടിച്ച അസാധാരണ സാഹചര്യമാണ് പൊലീസ് നടപടികൾക്ക് പിന്നിലുള്ളതെന്നത് വസ്തുതയാണെങ്കിലും ദർശനത്തിനെത്തുന്ന ഭക്തജനങ്ങളെ മനഃപൂർവം ബുദ്ധിമുട്ടിക്കുന്ന നിയന്ത്രണങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതാണ്. വിരുദ്ധചേരിയിൽ നിൽക്കുന്നവർക്കൊപ്പംതന്നെ പൊലീസും സംയമനം കാണിക്കേണ്ടത് അത്യാവശ്യമാണ്.

> രാത്രി പത്തരയ്ക്ക് നട അടയ്ക്കുന്നതോടെ ഭക്തർ ഒന്നൊഴിയാതെ സന്നിധാനം വിട്ട് എങ്ങോട്ടെങ്കിലും പൊയ്ക്കൊള്ളണമെന്നും പ്രസാദ കൗണ്ടറുകളും കടകളുമെല്ലാം പൂട്ടിക്കെട്ടണമെന്നും ആജ്ഞ നൽകിയ പൊലീസ് അധികാരികൾ ശബരിമലയിൽ പരമ്പരാഗതമായി തുടർന്നുവരുന്ന ആചാര കീഴ്‌വഴക്കങ്ങൾ അട്ടിമറിക്കാനാണ് ശ്രമിച്ചത്.

ശബരിമലയിലെ ഇപ്പോഴത്തെ പ്രശ്നം കേവലം ക്രമസമാധാന പ്രശ്നമായി കാണാൻ ശ്രമിക്കുന്നതിൽ നിന്ന് ഉണ്ടാകുന്നതാണ് അവിടെ കാട്ടിക്കൂട്ടുന്ന അതിരുവിട്ടുന്ന പൊലീസ് നിയന്ത്രണങ്ങൾ. മണ്ഡലക്കാലത്തിന് ആരംഭം കുറിച്ചുകൊണ്ട് വെള്ളിയാഴ്ച വൈകിട്ട് നട തുറക്കുന്നതിന് മുന്നോടിയായി ഏർപ്പെടുത്തിയ പല നിയന്ത്രണങ്ങളും അല്പബുദ്ധിയിൽ നിന്ന് ഉടലെടുത്തവയാണ്. രാത്രി പത്തരയ്ക്ക് നട അടയ്ക്കുന്നതോടെ ഭക്തർ ഒന്നൊഴിയാതെ സന്നിധാനം വിട്ട് എങ്ങോട്ടെങ്കിലും പൊയ്ക്കൊള്ളണമെന്നും പ്രസാദ കൗണ്ടറുകളും കടകളുമെല്ലാം പൂട്ടിക്കെട്ടണമെന്നും ആജ്ഞ നൽകിയ പൊലീസ് അധികാരികൾ ശബരിമലയിൽ പരമ്പരാഗതമായി തുടർന്നുവരുന്ന ആചാര കീഴ്‌വഴക്കങ്ങൾ അട്ടിമറിക്കാനാണ് ശ്രമിച്ചത്. ദർശനത്തിനെത്തിയ ഭക്തജനങ്ങളെക്കാൾ എണ്ണത്തിൽ കൂടുതൽ പൊലീസിനെ നിയോഗിച്ചിട്ടും സുരക്ഷയുടെ കാര്യത്തിൽ സ്വയം ബോദ്ധ്യമില്ലാത്തതു കൊണ്ടാവുമല്ലോ കാടടച്ചു കൊണ്ടുള്ള ഈ വെടിവയ്പ്. നട തുറക്കുന്നതിന മുമ്പേ തന്നെ സന്നിധാനത്തെത്തി വിവരങ്ങൾ മാലോകരെ അറിയിക്കാൻ പുറപ്പെട്ട മാദ്ധ്യമ പ്രവർത്തകരെയും പൊലീസ് ഓടിച്ചുവിട്ടതും പുതിയൊരു അനുഭവമായിരുന്നു. മാദ്ധ്യമങ്ങളെ തടഞ്ഞ പൊലീസ് നടപടി ഹൈക്കോടതിയുടെ രൂക്ഷ വിമർശനത്തിനും ഇടയാക്കി. അവിടെ നടക്കുന്ന കാര്യങ്ങൾ ജനങ്ങൾ അറിയുന്നതിൽ എന്താണ് കുഴപ്പമെന്നാണ് കോടതി ചോദിച്ചത്. അറിയാനുള്ള ജനങ്ങളുടെ അവകാശത്തെയാണ് മാദ്ധ്യമ പ്രവർത്തരെ ഇറക്കിവിട്ടതിലൂടെ പൊലീസ് അധികാരികൾ ഹനിക്കുന്നതെന്ന കോടതി നിരീക്ഷണം ശ്രദ്ധേയമാണ്. അസംഖ്യം ഭക്തന്മാർക്കും ഇതുപോലെ പൊലീസിൽ നിന്ന് തിക്താനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കാലേക്കൂട്ടി എത്താൻ വേണ്ടി ദൂര ദിക്കുകളിൽനിന്ന് കുട്ടികളുമായെത്തിയവരെ മണിക്കൂറുകളോളം നിലയ്ക്കലും പമ്പയിലുമൊക്കെ തടഞ്ഞുവച്ച ശേഷമാണ് കടത്തിവിട്ടത്. തിരക്ക് നിയന്ത്രിക്കാനും സംഘർഷമുണ്ടായാൽ തടയാനും ആവശ്യത്തിലേറെ പൊലീസ് സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയശേഷവും ഭക്തജനങ്ങളെ പലവിധത്തിൽ ക്ലേശിപ്പിക്കുന്നത് ഒട്ടും ശരിയല്ല.

ശബരിമല പ്രശ്നം വെറും ക്രമസമാധാന പ്രശ്നമായി കാണാൻ ശ്രമിക്കുന്നതുകൊണ്ടാണ് ആ രീതിയിലുള്ള സുരക്ഷാ നടപടികൾക്ക് മുൻതൂക്കം നൽകുന്നതെന്നു വേണം കരുതാൻ. യുദ്ധമുന്നണിയിലെ സജ്ജീകരണങ്ങളും സന്നാഹങ്ങളുമല്ല ശബരിമലയിൽ വേണ്ടത്. ശാന്തിയോടും സമാധാനത്തോടുംകൂടി ദർശനം നടത്താൻ ഭക്തജനങ്ങൾക്കുവേണ്ട സഹായം ഒരുക്കുന്നതിനാകണം പ്രഥമ പരിഗണന. ക്രമസമാധാന ഭംഗമുണ്ടാവുകയാണെങ്കിൽ മാത്രം മതി പൊലീസുമുറകൾ. പൊലീസുകാരിലും ഭക്തന്മാർ കാണും. അത് അപരാധമൊന്നുമല്ല. മുൻകാലങ്ങളിൽ ശബരിമല ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട പൊലീസ് സേനാംഗങ്ങളുടെ വിലപ്പെട്ട സേവനം ഏറെ പ്രശംസ പിടിച്ചുപറ്റുന്ന തരത്തിലുള്ളതായിരുന്നു. ശബരിമല ഡ്യൂട്ടിയിലായാലും പൊലീസ് ചിട്ടകൾ തരിമ്പും തെറ്റിക്കരുതെന്നും ഡ്രസ് കോഡ് കർക്കശമായി പാലിക്കണമെന്നും മറ്റുമുള്ള പുതിയ നിബന്ധനകൾ അനാവശ്യ വിവാദങ്ങൾക്ക് കാരണമാവുകയേയുള്ളൂ. നിലയ്ക്കലും പമ്പയിലും സന്നിധാനത്തുമൊക്കെയായി വിന്യസിച്ചിട്ടുള്ള ആയിരക്കണക്കിന് പൊലീസുകാർക്ക് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽകൂടി ഈ ശ്രദ്ധാന്തി കാണിക്കേണ്ടതായിരുന്നു. അറിഞ്ഞിടത്തോളം അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഭക്തരോടൊപ്പം പൊലീസ് സേനാംഗങ്ങളും വല്ലാതെ കഷ്ടപ്പെടേണ്ട സ്ഥിതിയാണ്.

ശബരിമലയിൽ അവശ്യം ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾപോലും ഇതുവരെ പൂർത്തിയായിട്ടില്ലെന്നത് വലിയ വീഴ്ചയാണ്. ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ പമ്പാതീരത്ത് വലിയ നാശമുണ്ടായെന്നുള്ളത് ശരിയാണ്. എന്നാൽ മുന്നുമാസം കഴിഞ്ഞിട്ടും തീരത്തടിഞ്ഞ മണൽ നീക്കാൻ പോലുമാകാത്തത് ഗുരുതരമായ കൃത്യവിലോപം തന്നെയാണ്. വൃശ്ചികം ഒന്നിന് മണ്ഡലകാലം തുടങ്ങുമെന്ന് എല്ലാവർക്കും അറിയാം. എന്നാൽ അതിനുസരിച്ചുള്ള ഒരുക്കങ്ങൾ നടന്നിട്ടില്ലെന്നത് ദേവസ്വം ബോർഡിന്റെ കുറ്റത്തെ ജാഗ്രതക്കുറവുതന്നെയാണ്.

ചരിത്രം, വർത്തമാനം

വാരവിശേഷം

ദ്രോണർ

നിങ്ങളെന്നെ ബി.ജെ.പിയാക്കി എന്ന ചരിത്രനാടകത്തിന്റെ എഴുത്തുകുത്തിൽ കെ.എസ് ബ്രിഗേഡ് തിയേറ്റേഴ്സിന്റെ പ്രൊപ്രൈറ്റർ കം മാനേജരും സുപ്രസിദ്ധ ബാലെ കലാകാരനും സർവോപരി സംഗീതനാടകക്കാരനുമായ സുധാകരേട്ടൻ വ്യാപൃതനായിരിക്കുമ്പോഴാണ് ആ മണിമുഴക്കമുണ്ടായത്. മനസിൽ മണി മുഴങ്ങിയെന്നാണ് സുധാകരേട്ടൻ അടുപ്പമുള്ളവരോടെല്ലാം പറഞ്ഞതെങ്കിലും ആ മണി മുഴങ്ങിയത് ആർക്ക് വേണ്ടിയാണെന്ന് ആരും വെറുതെ മനസ്ചൊറിഞ്ഞ് പുണ്ണാക്കാൻ മെനക്കെട്ടിരുന്നില്ല.

കുമ്പക്കുടി സുധാകരേട്ടന്റെ ചരിത്രപാണ്ഡിത്യം അളന്ന് കുറിക്കാൻ ചെന്നാൽ അദ്ഭുതങ്ങളുടെ പാരാവാരത്തിൽ ചെന്ന് പതിക്കുമെന്നതിനാൽ ആരും തന്നെ അതിന് മെനക്കെട്ടിരുന്നില്ല. തലശ്ശേരി ബ്രണ്ണൻ കോളേജിൽ നിന്ന് ചരിത്രത്തിൽ നേടിയ ബിരുദാനന്തര ബിരുദ സർട്ടിഫിക്കറ്റിൽ നോക്കി സലാം പറഞ്ഞ് പിരിയുകയാണ് ചെയ്യുപോന്നത്. അത് ലോകചരിത്രമാണെന്നും കേരളചരിത്രമൊന്നും അതിൽ വരില്ലെന്നും ചില ചരിത്രപണ്ഡിതർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ചരിത്രമെന്നാൽ ചക്കാണോ ചണ്ണാമ്പാണോ എന്നറിയാത്ത പാമരന്മാരാണ് ഈ ശ്രേഷ്ഠർ എന്നറിയാവുന്ന സുധാകരേട്ടൻ വെറുതെ മന്ദസ്മിതം തൂകി നിൽക്കുക മാത്രമാണ് ചെയ്യുവരുന്നത്. കറകളഞ്ഞ സോഷ്യലിസ്റ്റായി തുടങ്ങി ഗോപാലൻജനതയിലൂടെ കോൺഗ്രസിലേക്ക് വന്ന സുധാകരേട്ടൻ അന്ന് തൊട്ട് ഗാന്ധിത്തൊപ്പി തലയിൽ കമ്മട്ടി രാവിലെ പച്ചവെള്ളം ചവച്ചുരച്ച് കടിച്ച് ചർക്കയിൽ നൂൽനൂറ്റ് രഘുപതി രാഘവ പാടിക്കഴിഞ്ഞേ നാടകമെഴുത്തിലേക്ക് പ്രവേശിക്കാറുള്ളൂ.

നാടകത്തിലെ മനോധർമ്മപ്രധാനമായ ഭാഗങ്ങൾ രചനാവേളയിലേ അഭിനയിച്ച് കാണിച്ചുകൊടുക്കുന്ന ശീലമുള്ളത് കൊണ്ടാണ് പുതിയ ഡ്രാമയിലെ നിങ്ങളെന്നെ ബി.ജെ.പിയാക്കി എന്ന കാതലായ ഡയലോഗ് കെ.പി.സി.സി രാഷ്ട്രീയകാര്യ സമിതിയിൽ സുധാകരേട്ടൻ വച്ച് കാച്ചിയത്. അതു കേട്ട് നടുങ്ങിയവരിൽ ചെന്നിത്തല ഗാന്ധി തൊട്ട് മുല്ലപ്പള്ളി ഗാന്ധി വരെയുണ്ടെന്നാണ് വർത്തമാനം. ബലേ ഭേഷ് എന്നാണത്രെ കൊടിക്കുന്നിൽ സുരേഷ് ഗാന്ധി അന്നേരം അദ്ഭുതപരതന്ത്രനായി പറഞ്ഞുപോയത്.

ഡ്രാമാസ്കോപ് ആയത് കൊണ്ട് രചന, സംവിധാനം, കലാസംവിധാനം, സംഘട്ടനം എന്നീ പരിപാടികൾ നിർവഹിക്കുന്നത് സുധാകരേട്ടൻ തന്നെയാണ്. സുധാകരേട്ടൻ ചരിത്രനാടകത്തിലേക്ക് കടന്നാൽ പിന്നെ ആരെന്നോ എന്തെന്നോ ഒരു നിശ്ചയവുമുണ്ടാവില്ല. ബെല്ലും ബ്രേക്കും വിട്ട സൈക്കിൾ പോലെ ആ ചരിത്രബോധമിങ്ങനെ ഇറങ്ങിയിറങ്ങി വരുന്നത് കണ്ടിട്ട് എന്തിനധികം പറയുന്നു, സാക്ഷാൽ ബി.ജെ.പിയുടെ അമിത് ഷാജിയണ്ണൻ പോലും അന്തംവിട്ട് നിന്ന് പോയിട്ടുണ്ട്.

പണ്ടെങ്ങാടോ ശബരിമലയിൽ തീപിടിച്ചപ്പോൾ, ഒമ്പലം കത്തി നശിച്ചാൽ അത്രയും അന്ധവിശ്വാസം തീർന്ന് കിട്ടുമെന്ന് ആരോ പറഞ്ഞതായി സുധാകരേട്ടൻ കേട്ടിട്ടുണ്ട്. സുധാകരേട്ടൻ കണ്ട ലോകത്ത് അങ്ങനെ പറയാൻ ധൈര്യമുള്ള ഒറ്റ പഹയനേ ഉണ്ടായിട്ടുള്ളൂ. അത് ഈയെമ്മസ്സാണ്. സി. കേശവനെന്നൊരു മുഖ്യമന്ത്രിയുണ്ടായിട്ടുണ്ടെന്നും തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് ഉണ്ടാക്കിയ നേതാവായിരുന്നെന്നും സുധാകരേട്ടൻ അറിയണമെന്ന് ആരും വാശി പിടിക്കേണ്ടതില്ല. സുധാകരേട്ടന്റെ ചരിത്രപുസ്തകത്തിൽ തിരുവിതാംകൂർ ചരിത്രം അത്രകണ്ട് രേഖപ്പെടുത്തിയിട്ടില്ലാത്തത് അദ്ദേഹത്തിന്റെ കുഴപ്പമല്ല. സുധാകരേട്ടനോട് ഇക്കാര്യത്തിൽ ഏറ്റുമുട്ടാൻ സംഘപരിവാരത്തിലെ മോഹൻദാസ് ജി തൊട്ട് ഗോപാലകൃഷ്ണൻജി വരെ ധൈര്യം കാണിച്ചിട്ടുണ്ട്. കെ. ദാമോദരനെന്ന കമ്മ്യൂണിസ്റ്റുകാരനാണിത് പറഞ്ഞതെന്ന് മോഹൻദാസ്ജിയുടെ ചരിത്രപുസ്തകത്തിൽ കിറുകൃത്യമായി അടയാളപ്പെടുത്തിയത് കാരണമായിരുന്നു ഇങ്ങനെയൊരു ഏറ്റുമുട്ടലിന് കളമൊരുങ്ങിയത്. സുധാകരേട്ടന്റെ ചരിത്രവും ഭൂമിശാസ്ത്രവും മോഹൻദാസ്ജിയുടെ ചരിത്രപുസ്തകം പോലെ വളവുംതിരിവും കുണ്ടും കുഴിയും നിറഞ്ഞതാണെന്നും അല്ലെന്നും വാദഗതികളുണ്ട്. എന്തായാലും സുധാകരേട്ടന്റെ ചരിത്രം ഒന്ന് വേറെത്തന്നെയാണ്. അതാണതിന്റെ ഒരിത്. അതുകൊണ്ട് സി. കേശവൻ ചരിത്രത്തിൽ നിന്നിറങ്ങി വന്ന് ചൂരലെടുത്ത് വീശിയാലും സുധാകരേട്ടൻ വിരണ്ട് പോകാനിടയില്ല. കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റായി സുധാകരേട്ടനെ നിശ്ചയിച്ചത് പോലും സി. കേശവൻ ചരിത്രത്തിൽ നിന്നിറങ്ങി വരാതിരിക്കാൻ മാത്രമാണ്!

■

രാജ്യസ്നേഹത്തിന്റെ സർട്ടിഫിക്കറ്റ് ഒപ്പും സീലും പതിപ്പിച്ച് കിട്ടുക ചില്ലറ പണിയല്ല. കൃഷ്ണാ, നീയൊന്ന് വേഗം വന്ന് മുഖം കാണിക്ക് എന്ന് ടിയെം കൃഷ്ണ കൈയും കളാസവും കാണിച്ച് നീട്ടിപ്പാടിയാലൊന്നും ആ സർട്ടിഫിക്കറ്റ് ഒപ്പിട്ട് കിട്ടുമെന്ന് കണക്കാക്കേണ്ടതില്ല. കൃഷ്ണാ നീ ബേഗനേ ബാരോ എന്ന് ടിയെം കൃഷ്ണ പാടിയത് കണ്ട് അതേതോ രാജ്യദ്രോഹിയെ മാത്രം ഉദ്ദേശിച്ച് പാടിയതാണെന്ന് ആരെങ്കിലും കരുതിയിട്ടുണ്ടെങ്കിൽ അവരെ കുറ്റം പറയാനാവില്ല.

രാജ്യദ്രോഹി പാട്ട് പാടുന്നത് രാജ്യദ്രോഹികളെപ്പറ്റി മാത്രമാണെന്നറിയാത്തവരൊന്നുമല്ല എയർപോർട്ട് അതോറിറ്റിക്കാർ. സംഘപരിവാരത്തിലെ ഫേസ്ബുക്ക് ശിങ്കങ്ങൾ ഒന്ന് കണ്ണുരുട്ടിയാൽ ഏത് രാജ്യദ്രോഹിയും പാട്ടും ആട്ടവും നിറുത്തുമെന്ന് മനസിലാക്കാൻ അഫ്ഗാനിസ്ഥാൻ വരെയൊന്നും പോകേണ്ടതില്ല. അംബാനി മുതലാളിക്ക് നാല് വിമാനം വാങ്ങിക്കൊടുത്താൽ അത് നോക്കി, ഹാ, പുഷ്പകവിമാനമേ... എന്ന് നീട്ടിപ്പാടാനറിയണം. എങ്കിൽ ഓൺദ സ്പോട്ട് രാജ്യസ്നേഹ സർട്ടിഫിക്കറ്റ് മുൻകാല പ്രാബല്യത്തോടെ പതിച്ചുകിട്ടും. അല്ലാതെ ചരിത്രം, നവോത്ഥാനം എന്നെല്ലാം പറഞ്ഞ് നടന്നാൽ ഏത് പണിയാണ് കിട്ടുകയെന്നറിയണമെങ്കിൽ ഇളയിടം സുനില് മാഷോട് ചോദിച്ചോളൂ. സുനില് മാഷ് മുത്തയിടമായി പരിണമിക്കാത്തതിനാലും ടിയെം കൃഷ്ണയ്ക്ക് വേണ്ടത്ര പക്വതയില്ലാത്തത് കൊണ്ടും സൂക്ഷിച്ചും കണ്ടും നിൽക്കുകയെന്ന് ഉപദേശിക്കാനേ ഇത്തരുണത്തിൽ സാധിക്കൂ.

ഇ-മെയിൽ: dronar.keralakaumudi@gmail.com

ചികിത്സ തേടാം പ്രകൃതിയിൽ നിന്ന്

ഡോ.ബാബു ജോസഫ്

ഇന്ന് പ്രകൃതി ചികിത്സാദിനം

നവംബർ 18 പ്രകൃതി ചികിത്സാദിനമായി ആചരിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. മുമ്പ് ഗാന്ധിജയന്തി ദിനം പ്രകൃതി ചികിത്സകർ പ്രകൃതിചികിത്സാ ദിനമായി ആചരിച്ചിരുന്നു. എന്നാൽ ഒരേ ദിവസം രണ്ട് ദിനാചരണം അപ്രായോഗികമാണെന്നു കണ്ട് ഗാന്ധിജിയും പ്രകൃതിചികിത്സയുമായുള്ള ബന്ധം അഭേദ്യമാക്കിയ നവംബർ 18 പ്രകൃതി ചികിത്സാ ദിവസമായി സർക്കാർ പ്രഖ്യാപിക്കുകയായിരുന്നു.

1945 നവംബർ 18- ന് ഗാന്ധിജി ആജീവനാന്ത ചെയർമാനായി പൂനെയിൽ സ്ഥാപിതമായ ഓൾ ഇൻഡ്യ നേച്ചർ ക്യുവർ ഫൗണ്ടേഷൻ ട്രസ്റ്റിന്റെ ചരിത്രരേഖയിൽ ഒപ്പവച്ചു. ഗാന്ധിജിയും പ്രകൃതി ചികിത്സയുമായുള്ള പരിചയം ആരംഭിക്കുന്നത് 1901 - ൽ സൗത്ത് ആഫ്രിക്കയിൽ വച്ച് ജർമൻ പ്രകൃതി ചികിത്സകനായ ഡോ. അഡോൾഫ് ജസ്റ്റിന്റെ 'പ്രകൃതിയിലേക്ക് മടങ്ങുക 'എന്ന ഗ്രന്ഥം വായിച്ചതിലൂടെയാണ്. തുടർന്ന് പ്രകൃതി ചികിത്സയെ ആഴത്തിൽ മനസിലാക്കിയ അദ്ദേഹം 1915 -ൽ ഇൻഡ്യയിൽ മടങ്ങിവന്നശേഷം പ്രകൃതിചികിത്സയുടെ പ്രചാരണം ജീവിത സന്ദേശത്തിന്റെ ഭാഗമാക്കുകയും പതിനെട്ടിന പരിപാടിയിൽ ഒന്നായി അവതരിപ്പിക്കുകയും ചെയ്തു. ഗാന്ധിജി സ്ഥാപിച്ച ആശ്രമങ്ങളിലെല്ലാം പ്രകൃതിചികിത്സാ സൗകര്യം ഒരുക്കിയിരുന്നു. 1944 മുതൽ 47 വരെയുള്ള കാലത്തിനിടെ ഡോ. ദിൻഷാ മേത്ത പൂനെയിൽ നടത്തിയിരുന്ന നേച്ചർ ക്യുവർ ക്ലിനിക്ക് ആൻഡ് സാനട്ടോറിയത്തിൽ 156 ദിവസം താമസിച്ച് ഗാന്ധിജി തന്റെ പ്രകൃതി ചികിത്സാ നിരീക്ഷണങ്ങൾ ദൃഢമാക്കി. പൂനെ കേന്ദ്രമാക്കി രജിസ്റ്റർ ചെയ്ത ഓൾ ഇൻഡ്യ നേച്ചർ ക്യുവർ ഫൗണ്ടേഷൻ ട്രസ്റ്റിന്റെ ആജീവനാന്ത ചെയർമാനായി ഗാന്ധിജി ഒപ്പ വയ്ക്കുകയും ചെയ്തു. ഈ സ്ഥാപനമാണ് ഡോ. ദിൻഷാമേത്ത പിന്നീട് കേന്ദ്രസർക്കാരിനു കൈമാറിയത്. ഇതാണ് കേന്ദ്ര ആയുഷ് മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാച്ചറോപതി.

ഗാന്ധിജി തന്റെ ലഘു ഉപവാസങ്ങൾക്ക് രോഗശാന്തി നൽകാനുള്ള കഴിവിനപ്പുറം മറ്റു തലങ്ങളുമുണ്ടന്ന് കണ്ടെത്തി. ഗാന്ധിജി രോഗാവസ്ഥകളെല്ലാം ഒഴിവാക്കി ജീവിച്ച എന്നതിലുപരി മനുഷ്യജീവിതത്തിലെ ഏറ്റവും പ്രധാന സംഗതിയായ ആഹാരം ഉപേക്ഷിക്കുന്നത് ത്യാഗവും കൂടിയാണന്നും കണ്ടെത്തി. ഈ വർഷം പ്രകൃതി ചികിത്സാ ദിനാചരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലും സമ്മേളനങ്ങളും സെമിനാറുകളും ബോധവൽക്കരണ ക്ലാസുകളും മെഡിക്കൽ ക്യാമ്പുകളും നടക്കും. കേരളത്തിൽ ഇൻഡ്യൻ നാച്ചറോപതി ആന്റ് യോഗാ ഗ്രഡ്വേറ്റ്സ് മെഡിക്കൽ അസോസിയേഷൻ കേരള ചാപ്റ്ററിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ രണ്ടു ദിവസത്തെ വിപുലമായ കൺവൻഷൻ നടക്കുന്നുണ്ട്. 'നേരറിവ് 'എന്ന കൺവൻഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്നലെ ഉദ്ഘാടനം ചെയ്തു. ഇന്ന് 'തീയില്ലാത്ത പാചകം' എന്ന വിഷയത്തിൽ ഡോ.സിജിത് ശ്രീധർ പരിശീലനം നൽകും. ശ്ര